(എഫ്) ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ സാക്ഷ്യപ്പെടുത്തൽ അതതു ദിവസംതന്നെ ചെയ്തുനൽകുന്നുണ്ട്. വിദേശമന്ത്രാലയം, യു. എ. ഇ. എംബസ്സി എന്നിവയുടെ സാക്ഷ്യപ്പെടുത്തൽ സാധാരണയായി 21 ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള സംവിധാനം ഉണ്ട്.

(ജി) റൂട്ട്സ് സ്വതന്ത്ര അധികാരമുള്ള ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയാണ് രൂപീകരിച്ചിരിക്കുന്നത്. ഡയറക്ടർ ബോർഡിനാണ് റൂട്ട്സിന്റെ നടത്തിപ്പിന്റെ ചുമതല. എന്നാൽ റൂട്ട്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും, ഡയറക്ടർമാരെയും നിയമിക്കുന്നത് ഗവൺമെന്റ് ആകയാൽ ഇത് ഭരണപരമായി സർക്കാരിന്റെകൂടി നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. നോർക്കാ വകുപ്പ് പ്രവാസികൾക്കും, തിരിച്ചെത്തിയവർക്കുമായി ആവിഷ്കരിക്കുന്ന വിവിധ ക്ഷേമ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നത് റൂട്ട്സ് മുഖേനയാണ്. റൂട്ട്സിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. †

## "എന്റെ ഗ്രാമം എന്റെ സ്വപ്നം" പദ്ധതി

196 [3166] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പിലാക്കുന്ന "എന്റെ ഗ്രാമം എന്റെ സ്വപ്നം" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ;

(ബി) ഈ പദ്ധതിയുടെ ഘടനയും ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണെന്നും, ഇതിനകം ആർക്കെങ്കിലും ഈ പദ്ധതിയുടെ ഗുണം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

*ഉത്തരം*

(എ) നടപ്പിലാക്കിവരുന്നു.

(ബി) വിദേശ മലയാളികളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പരിപാടിയാണ് 'എന്റെ ഗ്രാമം എന്റെ സ്വപ്നം' വിദേശ മലയാളികൾക്ക് ഒറ്റയ്ക്കോ, കൂട്ടായോ, സംഘടനാപരമായോ ഇതിൽ പങ്കാളികളാകാം. ഗ്രാമങ്ങളിലെ പൊതുസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ജില്ലാ ഭരണാധികാരികളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെയും പൂർണ്ണമായും വിദേശമലയാളികളുടെ സാമ്പത്തികസഹായത്തോടെയുമാണ് നടപ്പിലാക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിലൂടെ കായംകുളത്ത് NRIs-UAE ചാപ്റ്ററിന്റെ സഹായത്താൽ ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്റർ സ്ഥാപിച്ചു. തിരുവനന്തപുരത്ത് വെങ്ങാനൂർ ഗവൺമെന്റ് മോഡൽ സ്കൂളിൽ കുടിവെള്ളം, പുതിയ കമ്പ്യൂട്ടർ ബ്ലോക്ക് നിർമ്മാണം എന്നീ വികസന പ്രവർത്തനങ്ങൾ ഗ്ലോബൽ കേരളാ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിൽ നമ്പിക്കടവ് എന്ന സ്ഥലത്ത് ഫാമിലി പാർക്കും, ഹോമിലി റെസ്റ്റോറന്റും ആരംഭിക്കുന്നതിനുവേണ്ടി ശ്രീ. അബ്ദുൾ ഗഫൂർ, പുതിയ ഹൗസ്, തളിക്കുളത്തിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിനൽകിയിട്ടുണ്ട്.

**നോർക്കയുടെ ആഭിമുഖ്യത്തിൽ പ്രവാസി മലയാളികൾക്കും ആശ്രിതർക്കുംവേണ്ടി ചികിത്സാസഹായ പദ്ധതി**

197 [3167] *ശ്രീ എം. വി ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ പ്രവാസി മലയാളികൾക്കോ അവരുടെ ആശ്രിതർക്കോവേണ്ടി ചികിത്സാസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുവരെയായി എത്ര പേർക്ക് ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്; എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) ഇനിയും എത്ര അപേക്ഷകളിൽ തീരുമാനം എടുക്കാനുണ്ട്;

(ഡി) കാലതാമസംകൂടാതെ എല്ലാ അപേക്ഷകളിലും ഉടൻ ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ നോർക്ക മിനിസ്റ്റേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് (സാന്ത്വന) എന്നപേരിൽ പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് സഹായം ചെയ്യുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ട്.

(ബി) 12 പേർക്കായി 2,98,000 രൂപ ഇതുവരെ ചികിത്സാസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) 58 അപേക്ഷകളിൻമേൽ തീരുമാനം എടുക്കാനുണ്ട്.

(ഡി) അപേക്ഷ കിട്ടുന്ന മുറയ്ക്ക്, പരിശോധന നടത്തി കാലതാമസമില്ലാതെ സഹായം നൽകാൻ ഇപ്പോൾത്തന്നെ സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly